Draft #4 of File 32858/AC B7/1/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 06-Jun-2020 10:31 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

കളമശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (സ്വയംഭരണം)- M.Lib.I.Sc എന്ന പ്രോഗ്രാം ആരംഭിക്കുന്നത് സംബന്ധിച്ച് - അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2020 അക്കാദമിക വർഷം മുതൽ M.Lib.I.Sc എന്ന ഇൻറ്റഗ്രേറ്റഡ് പ്രോഗ്രാം 30 സീറ്റ് എണ്ണം (ലാറ്ററൽ എൻട്രി ഉൾപ്പടെ) നിശ്ചയിച്ച് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 2404/AC B 7/2020/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 09.06.2020

---

*പരാമർശം:*-1. കളമശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് പ്രിൻസിപ്പലിന്റെ 29.08.2019-ലെ RCSS/353/MLibISc/2019 നമ്പർ കത്ത്

2 സർവകലാശാലാ ഉത്തരവ് നം .1982 / ACB7 / 2020 തീയതി 7 / 5 / 2020

3 .26/05/2020- ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം മിനിട്സ് ഇനം നം. 216/20.02/200133 , OA 1(4)

**ഉത്തരവ്**

കളമശ്ശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിൽ (സ്വയംഭരണം), 2020 അക്കാദമിക് വർഷം മുതൽ Master of Library and Information Science (M.Lib.I.Sc) എന്ന ഇൻറ്റഗ്രേറ്റഡ് പി.ജി പ്രോഗ്രാം (2 വർഷം ദൈർഘ്യമുള്ളത്) ആരംഭിക്കുവാൻ ടി കോളേജ് പ്രിൻസിപ്പൽ പരാമർശം (1) പ്രകാരം അപേക്ഷ നൽകിയിരുന്നു. കോളേജിന്റെ അക്കാദമിക് കൗൺസിലും ഗവേർണിംഗ് കൗൺസിലും ഈ പ്രോഗ്രാം തുടങ്ങുന്നതിന് തീരുമാനം എടുത്തിട്ടുള്ളതായും പ്രിൻസിപ്പൽ അറിയിച്ചിരുന്നു. 35 സീറ്റുകളാണ് (ലാറ്ററൽ എൻട്രി ഉൾപ്പെടെ) ഈ പ്രോഗ്രാമിനുള്ളതെന്ന് സിലബസ് അപ്പ്രൂവലിനായി പ്രത്യേകം നൽകിയ അപേക്ഷയിൽ പറയുന്നുണ്ട്. സർവകലാശാല നിലവിൽ പി ജി പ്രോഗ്രാമുകൾക് നാമമാത്ര സീറ്റ് വർദ്ധനവ് ഉൾപ്പെടെ പരമാവധി 30 സീറ്റ് ആണ് അനുവദിക്കുന്നത്. പ്രോഗ്രാം അപ്പ്രൂവലിനുള്ള ഫീസ് അടച്ച് നിശ്ചിത ഫോമിലുള്ള അപേക്ഷയാണ് കോളേജ് സമർപ്പിച്ചിരിക്കുന്നത്. ടി പ്രോഗ്രാമിന്റെ സിലബസിന് സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് പരിശോധിച്ച് അംഗീകാരം നൽകിയിട്ടുള്ളതാണ്.

13/03/2020-ൽ ചേർന്ന സിൻഡിക്കേറ്റ് ഉപസമിതി (അഫിലിയേഷൻ) യോഗം ഈ വിഷയം പരിഗണിക്കുകയും രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിലെ M.Lib.I.Sc എന്ന പ്രോഗ്രാം ആരംഭിക്കുന്നതിനായി പഠന ഭൗതിക സാഹചര്യങ്ങൾ ക്രമീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് അഡ്വ . പി. കെ. ഹരികുമാർ (സിൻഡിക്കേറ്റ് അംഗം ), ശ്രീമതി അനിമോൾ

തോമസ് ,ലൈബ്രേറിയൻ ,കെ ഇ കോളേജ് മാന്നാനം (വിഷയ വിദഗ്ധ )എന്നിവരടങ്ങിയ അന്വേഷണ കമ്മീഷനെ നിയോഗിക്കുവാൻ ശിപാർശ ചെയ്തു. ബഹു. വൈസ് ചാൻസിലർ ഈ ശിപാർശ അംഗീകരിച്ചതിൻപ്രകാരം പരാമർശം (2)ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ഇപ്രകാരം നിയമിതമായ അന്വേഷണ കമ്മീഷൻ 16.05.2020-ൽ കോളേജ് സന്ദർശിച്ച് ഭൗതിക, പഠന സൗകര്യങ്ങൾ പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ട് പരാമർശം (3) പ്രകാരം ചേർന്ന സിൻഡിക്കേറ്റ് യോഗം പരിഗണിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ 2020 അക്കാദമിക വർഷം മുതൽ Master of Library and Information Science ( M.Lib.I.Sc )എന്ന ഇൻറഗ്രേറ്റഡ് പ്രോഗ്രാം 30 സീറ്റ് എണ്ണം (ലാറ്ററൽ എൻട്രി ഉൾപ്പെടെ) നിശ്ചയിച്ച് അനുവദിക്കാൻ തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2.രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3.പ്രിൻസിപ്പൽ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശേരി
4.ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)
5.ഡെപ്യൂട്ടി രജിസ്ട്രാർ II(അക്കാദമിക്)
6.അസിസ്റ്റൻറ് രജിസ്ട്രാർ IV/അസിസ്റ്റൻറ് രജിസ്ട്രാർ (പരീക്ഷ 22)
7.എ.സി.സി. സെക്ഷൻ
8.പി.ആർ.ഒ/ കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ / ഐ.ക്യു.എ.സി.
9.ഇ.ഐ.36 / ഇ.ഐ.38/ഇ.ഐ.39 സെക്ഷനുകൾ

Draft #4 of File 32858/AC B7/1/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 06-Jun-2020 10:31 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം